## പതിമൂന്നാം കേരള നിയമസഭാ

## ആറാമത് സമ്മേളനം

## ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ നിയമ വിരുദ്ധമായ നിയമനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2343. 18-12-2012 –ലെ മറുപടിക്ക്

ചോദ്യം
ശ്രീ. ലൂഡി ലൂയിസ്

ഉത്തരം
ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | |
|---|---|
| എ) സംസ്ഥാന നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ ജോലിനോക്കി വരുന്ന ആരെങ്കിലും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി നോക്കി വരവെ സർക്കാരിന്റെ അനുമതിയില്ലാതെ, അനധികൃതമായി സംസ്ഥാനത്തിന് പുറത്ത് റെഗുലറായി നിയമ ബിരുദത്തിനു പഠിക്കുകയും അതേ സമയം സംസ്ഥാന ഖജനാവിൽ നിന്നും ശമ്പളം പറ്റുകയും ചെയ്തിട്ടുണ്ടോ. അങ്ങനെയെങ്കിൽ നിയമ വിരുദ്ധമായി നേടിയ ഈ ബിരുദം ഉപയോഗിച്ച് ടിയാൾക്ക് ലീഗൽ അസിസ്റ്റന്റായി നിയമ വകുപ്പിൽ നിയമനം നൽകിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ, നടപടി വൈകിപ്പിക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം വ്യക്തമാക്കാമോ? | പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പു തല അച്ചടക്ക നടപടി തുടരുന്നു. |
| സി) സർക്കാരിനെ കബളിപ്പിച്ച് ഒരേ സമയം സംസ്ഥാനത്തിനു പുറത്ത് റെഗുലർ വിദ്യാഭ്യാസവും സർക്കാരിന്റെ ഖജനാവിൽ നിന്ന് ശമ്പളം കൈപ്പറ്റലും നടത്തി ക്രിമിനൽ സ്വഭാവമുള്ള കുറ്റകൃത്യം ചെയ്ത ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ഉചിതമായ നടപടി സ്വീകരിക്കും |
| ഡി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ. എങ്കിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചോ. സമർപ്പിച്ചെങ്കിൽ എത്ര നാളായി? | വകുപ്പു തല അച്ചടക്ക നടപടിയുടെ ഭാഗമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.അതിൻ മേൽ അന്തിമ തീരുമാനം കൈകൊള്ളുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

18.12